**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 19.08.2026

# “കൈക്കൂലി കേസിൽ മുൻ ഗ്രേഡ് സബ്ബ് ഇൻസ്പെക്ടറെ വിജിലൻസ് കോടതി ഏഴ് വർഷം തടവിന് ശിക്ഷിച്ചു.”

തമിഴ്നാട് ഗൂഡല്ലൂർ സ്വദേശിയായ പരാതിക്കാരനെ കേസിൽ പ്രതിയാക്കുമെന്ന് പറഞ്ഞ് ഭീക്ഷണിപ്പെടുത്തി, കേസിൽ നിന്നും ഒഴിവാക്കുന്നതിന് 10,000/- രൂപ കൈക്കൂലി വാങ്ങിയ വയനാട് പുൽപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലെ മുൻ അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടറും വയനാട് അമ്പലവയൽ സ്വദേശിയുമായ റെജി ജയിംസിനെ (58 വയസ്) കുറ്റക്കാരനാണെന്ന് കണ്ടെത്തി തലശ്ശേരി വിജിലൻസ് കോടതി 7 വർഷം തടവിനും 50,000/-രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2016-ൽ പരാതിക്കാരന്റെ ഒരു ബന്ധുവിനെ പ്രതിയാക്കി പുൽപ്പള്ളി പോലീസ് സ്റ്റേഷനിൽ ഒരു കിഡ്നാപ്പിംഗ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. പുൽപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ കേസുകൾ കൈകാര്യം ചെയ്തിരുന്ന അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടറായിരുന്ന റെജി ജയിംസ് ഈ കേസിൽ പരാതിക്കാരനേയും കൂടി പ്രതിയാക്കുമെന്നും പറഞ്ഞ് ഭീക്ഷണിപ്പെടുത്തുകയും തുടർന്ന് പ്രതിയാക്കാതിരിക്കാൻ 30,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് കൈക്കൂലി തുകയുടെ ആദ്യ ഗഡുവായ 10,000/- രൂപ

പരാതിക്കാരനിൽ നിന്നും കൈപ്പറ്റിയ സമയം വയനാട് വിജിലൻസ് യൂണിറ്റ് റെജി ജയിംസിനെ കൈയ്യോടെ പിടികൂടിയിരുന്നു. ഈ കേസിലാണ് വയനാട് പുൽപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലെ മുൻ അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടറും വയനാട് അമ്പലവയൽ സ്വദേശിയുമായ റെജി ജയിംസിനെ കുറ്റക്കാരനെന്ന് കണ്ടെത്തി തലശ്ശേരി വിജിലൻസ് കോടതി ശിക്ഷിച്ചത്. വിവിധ വകുപ്പുകളിലായി **7** വർഷം തടവിനും **50,000/-** രൂപ പിഴ ഒടുക്കുന്നതിനുമാണ് ശിക്ഷിച്ചത്. തലശ്ശേരി വിജിലൻസ് കോടതി ജഡ്ജ് ശ്രീ. **K.** രാമകൃഷ്ണൻ ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. **K.B.** അനൂപ് ഹാജരായി. വയനാട് വിജിലൻസ് യുണിറ്റിലെ മുൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരായ ശ്രീ. കെ.കെ. മാർക്കോസ്, ശ്രീ. ആർ. ജയരാജ്, മുൻ പോലീസ് ഇൻസ്പെക്ടർ ശ്രീ. ഷാജി വർഗ്ഗീസ് എന്നിവരാണ് ഈ കേസിന്റെ അന്വേഷണം നടത്തിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ **1064** എന്ന നമ്പരിലോ **8592900900** എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ **9447789100** എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.